പത്രക്കുറിപ്പ്
6-2-2018

**ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ വഴി
ഇനി കുടുംബശ്രീ ഉൽപന്നങ്ങളും:**
**ധാരണാ പത്രം ഒപ്പു വച്ചു**

തിരുവനന്തപുരം: ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ വഴി ഇനി കുടുംബശ്രീ ഉൽപന്നങ്ങളും ലഭ്യമാകും. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്ത് പഴവങ്ങാടിയിലും പാളയത്തുമുള്ള ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകളിലാണ് ഉൽപന്നങ്ങൾ വിപണനത്തിനെത്തുക. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ, കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാർ എന്നിവരുടെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ബാബു തോമസ് എന്നിവർ ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറി.

കൃഷി വകുപ്പിന്റെ പിന്തുണയോടെ കുടുംബശ്രീ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുക എന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. വിവിധതരം അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ, കറി പൗഡറുകൾ, അച്ചപ്പം, കുഴലപ്പം തുടങ്ങി കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കുന്ന വിവിധയിനം ഭക്ഷ്യോൽപന്നങ്ങളാണ് വിൽപനയ്ക്കെത്തുക. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഹോർട്ടികോർപ്പ് നൽകും. പദ്ധതിയുടെ സ്വീകാര്യതയേറുന്ന മുറയ്ക്ക് സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ കീഴിലുള്ള 93 ഔട്ട്ലെറ്റുകളിലും കുടുംബശ്രീ ഉൽപന്നങ്ങൾ വിപണനം ചെയ്യാനുള്ള അവസരമൊരുക്കും.

ഉൽപന്നങ്ങൾ സ്ഥിരമായി എത്തിക്കുന്നതിനും വിപണനം ഊർജിതപ്പെടുത്താനും കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നു. .

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പി.വി മനോജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിമാരായ സന്തോഷ് കുമാർ.എസ്, എം.രാഘവൻ, ഹോർട്ടികോർപ്പ് ജനറൽ മാനേജർ രജത.വി, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ദത്തൻ സി.എസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ(മാനേജർ) റിയാസ് അബ്ദുള്ള, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ജിബി മാത്യു ഫിലിപ്പ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ബാബു തോമസ് എന്നിവർ ധാരണാപത്രം കൈമാറുന്നു

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ